# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴരിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.9/489/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴരിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.9/489/2021 തീയ്യതി: 20/03/2021

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ. ധീരജ്.ജെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാബാൻ.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി.ഗോപാലൻ നായർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. റഫീക്ക്.സി.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീവിദ്യ.സി.കെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. വിക്രം.വി.വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. സീന.ബി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. മൃദുല ഗോപിനാഥ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 07-06-2019 |
| ഡോ. ലവീന.ടി.ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 08-06-2019 | 31-03-2020 |
| ഡോ. ഷസ്ന മുഹമ്മദലി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഗ്രീഷ്മ.സി.കെ | അസി. എഞ്ചിനിയർ | 01-04-2019 | 16-04-2019 |
| ശ്രീമതി. ദീപ.ടി.എ | അസി. എഞ്ചിനിയർ | 17-04-2019 | 08-08-2019 |
| ശ്രീ. മുഹമ്മദ് ഇസ്മയിൽ | അസി. എഞ്ചിനിയർ | 09-08-2019 | 31-03-2020 |
| ശ്രീ. അബ്ദുൾ ബഷീർ.കെ.കെ | കൃഷി ഓഫീസർ | 01-04-2019 | 27-09-2019 |
| ശ്രീമതി. ഡോണ കരുപ്പാടി | കൃഷി ഓഫീസർ | 28-09-2019 | 05-12-2019 |
| ശ്രീ. മൊയ്തീൻഷാ.എൻ.കെ | കൃഷി ഓഫീസർ | 06-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ജമീല.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 17-03-2020 |
| ശ്രീമതി. റീനാകുമാരി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-03-2020 | 31-03-2020 |
| ശ്രീ. ശ്രീജിത്ത്.സി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dheeraj J (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Dheeraj J (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-9 |
| 14 | ഓൺലൈൻ രശീതുകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്നതിൽ താമസം<br>Written By: Shibin K S (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-10 |
| 15 | ബിൽഡിങ് പെർമിറ്റ് അപാകതകൾ<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-11 |
| 16 | എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-12 |

| | | |
|---|---|---|
| 17 | ബിസിനസ്സിൽ നിന്ന് വരുമാനം ലഭിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല- പഞ്ചായത്തിന് വലിയ തുകയുടെ ആവർത്തന നഷ്ടം സംഭവിക്കുന്നു.<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-13 |
| 18 | ഇ - ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, ഇ. എം. ഡി എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല.<br>Written By: E.V Hari (Audit Officer, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-14 |
| 19 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമാക്കുന്നതിൽ കാലതാമസം.<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-15 |
| 20 | ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ - നാളിതുവരെ ലഭിച്ചില്ല.<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-16 |
| 21 | കീഴരിയൂർ പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ നാളിതുവരെ ലഭിച്ചില്ല<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-17 |
| 22 | കീഴരിയൂർ പി.എച്ച്.സി. പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി- മരുന്നും സർജിക്കൽ ഉപകരണങ്ങളും ലഭിച്ചില്ല.<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-18 |
| 23 | കന്നുകുട്ടി പരിപാലനം - ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-19 |
| 24 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-20 |
| 25 | ന്യൂട്രിമിക്സ് വിതരണം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-21 |
| 26 | ശുചിത്വ മാലിന്യ സംസ്കരണ പദ്ധതി പ്രാവർത്തികമായില്ല.<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം | 3-1 |

| | | |
|---|---|---|
| | നൽകി<br>Written By: Dheeraj J (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 07-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 15.02.2019 തീയതിയിലെ 2/1 നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19.03.2020 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെയും യഥാർത്ഥ വരവ് ചെലവുകളുടെയും ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ |
|---|---|---|
| മുൻബാക്കി | 51,01,657 | 78,95,417.54 |
| വരവ് | 12,63,59,000 | 3,92,42,738 |
| ആകെ | 13,14,60,657 | 4,71,38,155.54 |
| ചെലവ് | 12,94,09,250 | 3,98,51,333 |
| നീക്കിയിരിപ്പ് | 20,51,407 | 72,86,822.54 |

02.02.2019 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കിയതായും 04.02.2019 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചതായും കാണുന്നു. ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതി ഉൾക്കൊണ്ടുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കരട് ബജറ്റ് തയ്യാറാക്കിയതിന് വിശദമായ ചർച്ച നടന്നതായി കാണുന്നില്ല. വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതു സമയങ്ങളിൽ ബജറ്റ് പുതുക്കുന്നതായി കാണുന്നില്ല. പകരം സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കി കാണുന്നത്. ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ, പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അതാത് സമയങ്ങളിൽ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ് (സെക്ഷൻ 214). ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു. ബജറ്റ് പ്രകാരം വരവ് 12.63 കോടിയും യഥാർത്ഥ വരവ് 3.92 കോടിയുമാണ്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് 12.94 കോടിയും യഥാർത്ഥ ചെലവ് 3.98 കോടിയുമാണ്. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ തീരുമാനിക്കുന്ന രേഖയെന്ന നിലയിൽ ബജറ്റിനുള്ള പ്രാധാന്യം സ്ഥാപനം തിരിച്ചറിയേണ്ടതും തുടർ വർഷം മുതൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ബജറ്റിനെ സമീപിക്കേണ്ടതുമാണ്.

#### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ. ഉ (സാധാ) നം.3291/2016/ത.സ്വ.ഭ.വ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| റിവിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് | 6 സ്ഥാപനമേധാവികൾ മാത്രമാണ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് | 05.01.19 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച നോൺപ്ലാൻ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യത്തിൽ വ്യക്തതയില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എസ്റ്റിമേറ്റുകൾ സമർപ്പിച്ചെങ്കിലും ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | 02-02-2019 ന് ബജറ്റിന് അംഗീകാരം നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളായി ലഭ്യമല്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 04-02-2019ന് നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്തു. |
| | | |

| | | |
|---|---|---|
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 15-02-2109 ന് നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 10.06.2020 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2020 മാർച്ച് മാസത്തെ തനത് ഫണ്ട് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം 31.03.2020 ന് ബാങ്ക് ബുക്ക് ബാലൻസ് 46,59,598.45 രൂപയും പാസ് ബുക്ക് ബാലൻസ് 46,83,985.80 രൂപയുമാണ്. റീകൺസിലിയേഷൻ പത്രികയിൽ Cheque Issued But Not Presented Into Bank വിഭാഗത്തിലെ നാല് ചെക്കുകളിൽ ചെക്ക് നം. 15229 ന്റെ തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 15,000 രൂപയാണ്. എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം ചെക്ക് നം. 15229 വഴി ശ്രീ. കുഞ്ഞബ്ദുള്ള എന്നയാൾ 30.03.2020ന് 1,660 രൂപ പിൻവലിച്ചിട്ടുണ്ട്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

2. വാർഷിക ധനകാര്യ പത്രിക ബി11, ബി 11 എ എന്നീ പത്രികകൾ പ്രകാരം 31.03.2020 തിയ്യതിവരെയുള്ള സ്ഥാപനത്തിന്റെ ആകെ ആസ്തിമൂല്യം 2,12,11,729 രൂപയാണ്. എന്നാൽ 31.03.2020 തിയ്യതി വരെ മൂലധന ചെലവുകൾക്കായി സ്ഥാപനം 1,56,79,166 രൂപയാണ് ചെലവഴിച്ചിട്ടുണ്ട്. ആസ്തി ആർജ്ജിക്കുന്നതിനായി സ്ഥാപനം ചെലവഴിച്ച തുകയും ആസ്തിമൂല്യവും തമ്മിൽ 55,32,563രൂപയുടെ വ്യത്യാസം ഉണ്ട്. തനത് ഫണ്ട് ചെലവഴിച്ച് ആർജ്ജിച്ച ആസ്തികളുടെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

3. ഡി & ഒ ലൈസൻസ് ഫീ കലക്ഷനിൽ അഡ്വാൻസ് കലക്ഷൻ (2018-19 AFS RP 36 പ്രകാരം) 38,400/- രൂപയാണ്. എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ 2019-20 വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നത് 43,200 രൂപയാണ്.

4. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 23,28,600 | 16,74,600 |
| വിധവാ പെൻഷൻ | 56,93,400 | 41,35,800 |
| വാർദ്ധക്യകാല പെൻഷൻ | 92,52,600 | 65,82,900 |
| വികലാംഗ പെൻഷൻ | 17,22,100 | 12,15,300 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,82,600 | 2,07,000 |

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത് .

6. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കുകൾക്ക് സാധിച്ചിട്ടില്ല.

7. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 78,95,417.54 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,92,42,738 |
| ആകെ | 4,71,38,155.54 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,98,51,333 |
| നീക്കിയിരിപ്പ് | 72,86,822.54 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,515 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,00,055 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 69,91,394 | 69,91,394 | 66,33,759 | 3,57,635 | ക്യൂബിൽ തുക 3,57,635 |
| വികസന ഫണ്ട്(എസ്.സി.പി ) | - | 35,42,000 | 35,42,000 | 19,78,144 | 15,63,856 | ക്യൂബിൽ തുക 5,05,242 |
| മെയിന്റനൻസ് (റോഡ് ) | - | 43,81,000 | 43,81,000 | 27,33,984 | 16,47,016 | ക്യൂബിൽ തുക 10,48,461 |
| മെയിന്റനൻസ് (നോൺ റോഡ്) | - | 32,51,000 | 32,51,000 | 20,76,354 | 11,74,646 | ക്യൂബിൽ തുക 3,39,478 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 61,99,525 | 61,99,525 | 24,10,077 | 37,89,448 | ക്യൂബിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തുക 17,97,612 |
| സാക്ഷരത | 492 | 20 | 512 | - | 512 | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>ഐ.സി.ഡി.എസ് | 5,61,079 | 4,87,514 | 10,48,593 | 8,03,273 | 2,45,320 | - |
| എം.പി. ഫണ്ട് | 23,045 | 2,19,319 | 2,42,364 | 2,17,209 | 25,155 | - |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) വികസനഫണ്ട് ജനറൽ ആകെ ചെലവ് സുലേഖ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നുവെങ്കിലും, വാർഷിക കണക്കിലെ (സാംഖ്യ) തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖയിലെ തുക | വാർഷികകണക്കിലെ തുക |
|---|---|---|
| വികസനഫണ്ട് - ജനറൽ | 77,17,035 | 66,33,759 |

2) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,92,20,039 | 95,96,151 |
| വികസനഫണ്ട് (എസ്.സി.പി) | 85,02,293 | 39,90,733 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 67,01,967 | 65,55,969 |

3) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4) വാർഷികകണക്ക് പ്രകാരം സ്വച്ഛ് ഭാരത് മിഷൻ (കേന്ദ്രാവിഷ്കൃത ഫണ്ട്) ഇനത്തിൽ തൻവർഷം വരവില്ല. എന്നാൽ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഈയിനത്തിൽ 70,000/- വരവു തുക ഉൾപ്പെട്ടിരിക്കുന്നു.

5) 2019-20 സാമ്പത്തിക വർഷം ശുചിത്വ മിഷൻ ഇനത്തിൽ വരവായി ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
| 132 | 4,67,89,466 | 75 | 2,93,67,466 | 42 | 15 | 56.81% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,370 | 10,42,276 | 10,45,646 | 10,38,240 | 7,406 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2,92,35,872 | 2,92,35,972 | 2,92,35,972 | - |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | വാർഷിക കണക്ക് പ്രകാരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 23,28,600 | 16,74,600 | 321 |
| വിധവാ പെൻഷൻ | 59,93,400 | 41,35,800 | 758 |
| വാർദ്ധക്യകാല പെൻഷൻ | 92,52,600 | 65,82,900 | 1415 |
| വികലാംഗ പെൻഷൻ | 17,22,100 | 12,15,300 | 239 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,82,600 | 2,07,000 | 43 |
| തൊഴിൽരഹിത വേതനം | -- | 77,160 | 86 |
| വിവാഹധനസഹായം | -- | 30,000 | 1 |

## 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ഷൈന എൻ. കെ, കിണറുള്ളതിൽ | വിധവ പെൻഷൻ | 02.04.2019 | 17.06.2019 |

| | | | | |
|---|---|---|---|---|
| 2 | ഹാജിറ, ശബാബ്, നടുവത്തൂർ | | 03.04.2019 | 17.06.2019 |
| 3 | നാരായണി, വടക്കെ പുത്തൻപറമ്പിൽ | | 26.02.2020 | 18.04.2020 |
| 4 | പുഷ്പ, മണപ്പാട്ടിൽ | കർഷകത്തൊഴിലാളി പെൻഷൻ | 05.03.2019 | 17.06.2019 |
| 5 | രാധ, ഉള്ളാടേരി മീത്തൽ | | 03.04.2019 | 17.06.2019 |
| 6 | ശാരദ എ. ടി, അമ്പലത്തൊടി | | 16.03.2020 | - |
| 7 | ഇബ്രാഹിം, എണാപ്പള്ളി | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 15.02.2020 | 21.07.2020 |
| 8 | മൊയ്തീൻ, മജ്കഫ് | വാർദ്ധക്യകാല പെൻഷൻ | 01.04.2019 | 17.06.2019 |
| 9 | ആസ്യ, തേറമ്പത്ത് | | 03.04.2019 | 17.06.2019 |
| 10 | പ്രസന്ന, പ്രജിനി | | 05.04.2019 | 17.06.2019 |
| 11 | ലീല, കല്ലാരിതടിനിലത്ത്കുനി | | 09.04.2019 | 17.06.2019 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-03-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,420 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽനിന്ന് ബോധ്യപ്പെടുന്നു.

1. വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല.

2. എല്ലാ ദിവസങ്ങളിലും ഔട്ട് ഡോർ കളക്ഷൻ സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടുന്നില്ല.

3. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

5. ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

7. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു.

8. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല.

## 1-10 ഓൺലൈൻ രശീതുകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്നതിൽ താമസം

വസ്തു നികുതി ഇ – പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ നികുതി തുക ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് ഇ-പേ അക്കൗണ്ട് നം.40223111000043) ക്രഡിറ്റ് ചെയ്യപ്പെടുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇ-പെയ്മന്റ് തീയതി | തുക | ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയ തീയതി |
|---|---|---|
| 06.05.2019 | 227 | 29.05.2019 |
| 18.05.2019 | 719 | 04.06.2019 |
| 25.05.2019 | 931 | 13.06.2019 |
| 24.09.2019 | 511 | 01.11.2019 |
| 01.10.2019 | 530 | 01.11.2019 |
| 03.10.2019 | 690 | 01.11.2019 |

ഇത്തരത്തിൽ ലഭിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്കല്ല ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ഒരു പൊതു അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് പിന്നീട് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്.

സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം നടത്തി ഓൺലൈൻ രശീതുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കുന്നതിന് ഐ.കെ.എം ന് നിർദ്ദേശം നൽകേണ്ടതാണ്.

## 1-11 ബിൽഡിങ് പെർമിറ്റ് അപാകതകൾ

2019-20 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2019-20 ൽ ആകെ ലഭിച്ച 244 അപേക്ഷകളിൽ 35 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

2) കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

## 1-12 ഏഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2019-20 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 879 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 5 ആണ്. അതായത് 874 കെട്ടിടങ്ങൾ നിലവിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നവയാണ്. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 190 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 244 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 630 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ഇതിനാൽ പഞ്ചായത്തിലെ മുഴുവൻ ലൈസൻസും ഡിമാന്റ് ചെയ്യപ്പെടുന്നില്ല.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം

നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 879 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>1-13 ബിസിനസ്സിൽ നിന്ന് വരുമാനം ലഭിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല-പഞ്ചായത്തിന് വലിയ തുകയുടെ ആവർത്തന നഷ്ടം സംഭവിക്കുന്നു.</u>

2019-20 ലെ ഡി.ആന്റ്.ഒ. ലൈസൻസ്, സഞ്ചയ സോഫ്റ്റ് വേയർ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ ചുവടെ പരാമർശിച്ച വ്യക്തികൾ ബിസിനസ്സിനായി മുതൽ മുടക്കുകയും വാടകയിനത്തിൽ വരുമാനമാർജ്ജിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി പരിധിയിൽ ഉൾപ്പെടേണ്ട ഇക്കൂട്ടരിൽ നിന്നും തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. കേരള പഞ്ചായത്തുരാജ് അക്ട് 1994 വകുപ്പ് 204 (Ii) പ്രകാരം ഒരു അർദ്ധ വർഷം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ പഞ്ചായത്തു പ്രദേശത്തു താമസിച്ചു കൊണ്ടോ അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ അല്ലെങ്കിൽ [(Ii)ബി] മുതൽ മുടക്കിൽ നിന്നും ലഭിക്കുന്ന വരുമാനത്തിനും തൊഴിൽ നികുതി ചട്ടങ്ങളിൽ പറഞ്ഞ നിരക്കിലെ പട്ടിക പ്രകാരം അനുയോജ്യമായ നിരക്കിൽ നികുതി ചുമത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം (1) | കെട്ടിട നമ്പർ (2) | വാടകക്കാരന്റെ പേര് വിവരം (3) | കെട്ടിട ഉടമയുടെ പേര് വിവരം (4) | കൈവശമുള്ള കെട്ടിടങ്ങളുടെ വിവരം. (5) | റിമാർക്സ് (6) |
|---|---|---|---|---|---|
| 1 | 9/115 | രാജൻ, മണ്ണൂർ കണ്ടി, നടുവത്തൂർ | കെ. സരോജിനി | 9/112 മുതൽ 118 വരെ | 7 റൂമുകൾ |
| | | | ടി. കെ. ഗോപാലൻ ( ഭർത്താവ് ) | 9/109 മുതൽ 111എ, 140, 235, 235എ, 236, 237, 259 എന്നിവ | |
| 2 | 3/322 | സി. ആർ മനേഷ്, ചന്ദ്രവിഹാർ | പി. പി അബൂബക്കർ | 3/320 മുതൽ 325 വരെ | 6 റൂമുകൾ |
| 3. | 3/293, | ശ്രീജ, | നാരായണി, | 3/293 മുതൽ 295 വരെ | 3 |

| | | | | | |
|---|---|---|---|---|---|
| | 294 | ആശാരിക്കണ്ടി | ആശാരിക്കണ്ടി | | റൂമുകൾ |
| 4 | 4/127 ബി. | നാസർ, തറോൽ | അമ്മദ് അണ്ടിച്ചേരി | 4/127ബി,സി | |
| 5 | 3/338 | ഇന്ദിര എം. കെ, ചന്ത്രൻകണ്ടി | പ്രസിഡന്റ്, കേരള നദ് വത്തുൽ മുജാഹിദ്ദീൻ ശാഖ, കീഴരിയൂർ. | 3/336എ, 3/336 മുതൽ 351 വരെ | 17 റൂമുകൾ |
| 6 | 3/323 | മനോജ് പി. കെ, മാനസ് | ടി. പി. അബൂബക്കർ | 3/320 മുതൽ 325 വരെ. | 5 റൂമുകൾ |
| 7 | 3/315 | അജിത കെ. കെ, ആവണി. | സി. എം.ജനാർദ്ദനൻ, ചാത്തോത്ത് മീത്തൽ | 3/314 മുതൽ 319 വരെ. | 6 റൂമുകൾ |
| 8 | 3/355 | കെ. അബ്ദുൾ സലാം, പാലാഴി. | കുഞ്ഞഹമ്മദ്, താഴേ പാലാഴി | 3/355 മുതൽ 358 വരെ. | - |

2019-20 ഡി. ആന്റ്. ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 192 പേർക്ക് വ്യാപാര ലൈസൻസ് പഞ്ചായത്ത് നൽകിട്ടുള്ളതായി കാണുന്നു. മേൽ കാണിച്ച പ്രകാരം പ്രാഥമിക പരിശോധനയിൽ തന്നെ ഭൂരിഭാഗം കെട്ടിടങ്ങളിലും ലൈസൻസികളായ നടത്തിപ്പുകാർ ഉടമകളല്ലെന്നും, ഉടമകൾക്ക് ഒന്നിലേറെ വാടകമുറികൾ ഉള്ളതായും വ്യക്തമാണ്. ഇപ്രകാരം വാടക ലഭിക്കുന്ന ഉടമസ്ഥരിൽ നിന്നും വാടകകരാറിലെ വരുമാനത്തിനനുസൃതമായി വരുമാനം ലഭിക്കാനിടയുണ്ടെങ്കിലും ഇത്തരക്കാരിൽ നിന്നും തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തു കാണുന്നില്ല.

തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായ മേൽ പറഞ്ഞ വിഭാഗക്കാരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>1-14 ഇ - ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, ഇ. എം. ഡി എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല.</u>

കരാറുകാർ ഇ - ടെണ്ടർ മുഖേന പൊതു മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഓൺലൈൻ ആയി അടവാക്കിയിട്ടുള്ള ടെണ്ടർ ഫോറം വില, ഇ. എം. ഡി എന്നിവ ഗ്രാമ പഞ്ചായത്തിന് ലഭിയ്ക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളിൽ 5 ലക്ഷത്തിന് മേൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ - ടെണ്ടർ ചെയ്യുന്നതിന്റെ ഭാഗമായി ടെണ്ടർ ഫീ, ഇ. എം. ഡി എന്നിവ സ്വീകരിക്കുന്നതിനായി സ. ഉ ( എം. എസ് ) 318/2013 ത.സ്വ.ഭ.വ തീയതി 28.9.2013 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലാണ് വർഷങ്ങളായി തുക നിക്ഷേപിക്കുന്നത്. പഞ്ചായത്തിൽ ഓഡിറ്റ് വർഷം താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികൾ ഇ - ടെൻഡർ ചെയ്തപ്പോൾ ടെണ്ടർ ഫോറം വില, ഇ. എം. ഡി എന്നീ ഇനങ്ങളിൽ ഈ അക്കൗണ്ടിലേയ്ക്ക് വരവ് വന്നിട്ടുണ്ട്.

| പദ്ധതി | അടങ്കൽ തുക |
|---|---|
| 20/19-20 വെളുത്താടൻ വീട് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 5,80,000 |
| 21/19-20 മാവിൻചുവട് - നിടിയ പറമ്പിൽ റോഡ് റീ ടാറിംഗ്, കോൺക്രീറ്റിംഗ് | 5,48,000 |
| 25/19-20 പൊക്കിഞ്ഞാരി മീത്തൽ - എലയിലോട്ട് റോഡ് കോൺക്രീറ്റിംഗ് | 6,30,000 |
| 26/19-20 പുതിയ തൃക്കോവിൽ - ചിറ്റാരി നട റോഡ് | 6,35,000 |
| 27/19-20 | 5,00,000 |

| | |
|---|---|
| ആന്തുരവളപ്പിൽ - പെരുവാക്കുറ്റി റോഡ് കോൺക്രീറ്റിംഗ് | |
| 29/19-20<br>കാളിക്കാട് - ഇ. കെ ശ്രീധരൻ വായനശാല റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 31/19-20<br>അണ്ടിച്ചേരി മീത്തൽ - പുതിയോട്ടിൽ മുക്ക് റോഡ് ടാറിംഗ് | 5,00,000 |

മുൻ കാലങ്ങളിലും ഇതുവരെയും ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(ഓഡിറ്റ് എൻക്വയറി നമ്പർ 3/2019-20 തീയതി 8.3.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ - മരുന്ന ലഭ്യമാക്കുന്നതിൽ കാലതാമസം.

പ്രൊജക്ട് നം. : 72/2020.

അടങ്കൽ : 1,00,000/- രൂപ

ചെലവ് തുക : 1,00,000/-രൂപ (ബിൽ നം. 1/19-20/14.01.2020)

നിർവ്വഹണം : ഹോമിയോ മെഡിക്കൽ ഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം കീഴരിയൂർ ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിന് 1,00,000/-രൂപ 14.01.2020 – ന് ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മരുന്നിന്റെ വില മുൻകൂറായി നൽകി ഒരു വർഷവും 2 മാസവും കഴിഞ്ഞതിനു ശേഷം 03.03.2021 -ന് (ഓഡിറ്റ് തിയ്യതിയിൽ) മരുന്നുകൾ ലഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചെങ്കിലും മരുന്നുകൾ സ്റ്റോക്കിലെടുത്ത് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിനായി അടവാക്കിയ തുക | തീയതി | ഇൻവോയ്സ് നം./തീയതി | മരുന്നിന്റെ വില | മരുന്ന് ലഭ്യമായതായി അറിയിച്ച തിയ്യതി | മരുന്ന ലഭിക്കുന്നതിലെ കാലതാമസം |
|---|---|---|---|---|---|
| 1,00,000/- | 14.01.2020 | PF- 1103/ 19.11.2019 | 1,00,000/- | 03.03.2021 | 1 വർഷം 2 മാസം |

മരുന്നിന്റെ വില അടവാക്കി 1 വർഷം 2 മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി എന്നിവരുടെ ഭാഗത്തു നിന്നും ആവശ്യമായ ഇടപെടലുകളൊന്നും ഉണ്ടായിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം തുക മുൻകൂറായി അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ 1,00,000/-രൂപ മുൻകൂറായി നൽകിയപ്പോൾ ഹോംകോയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ഒപ്പുവെച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച് പദ്ധതി നിർവ്വഹണം ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്. 2019-20 -ൽ ഇൻവോയിസ് പ്രകാരം ലഭിക്കേണ്ട മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടുണ്ടെങ്കിൽ ആയവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ഈയിനത്തിലുള്ള ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ - നാളിതുവരെ ലഭിച്ചില്ല.

പ്രൊജക്ട് നം. : 152/2020.
അടങ്കൽ : 50,000/-രൂപ.(എം,ജി[എൻ.ആർ])

ചെലവു തുക : 39603/-രൂപ (ബിൽ നം.5/19-20/27.02.2020)

നിർവ്വഹണം : ഹോമിയോ മെഡിക്കൽ ഓഫീസർ.

മേൽ പ്രൊജക്ട് പ്രകാരം കീഴരിയൂർ ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് 39603/-രൂപ 27.02.2020 -ന് കെൽട്രോണിന്റെ തിരുവനന്തപുരത്തെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. . മെഷിനിന്റെ വില മുൻകൂറായി നൽകി 1 വർഷം കഴിഞ്ഞിട്ടും സാധനം ലഭ്യമായിട്ടില്ല, നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചെങ്കിലും മരുന്നുകൾ സ്റ്റോക്കിലെടുത്ത് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മെഷീനിനായി അടവാക്കിയ തുക | തീയതി | ഇൻവോയ്സ് നം./ തീയതി | മെഷീൻ ലഭിക്കുന്നതിലെ കാലതാമസം |
|---|---|---|---|
| 39603/- | 27.02.2020 | Tvm/157/19-20, 18.02.2020 | 1 വർഷം . |

മെഷീനിന്റെ വില അടവാക്കി 1വർഷംപിന്നിട്ടിട്ടും സാധനംലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, എന്നിവരുടെ ഭാഗത്തു നിന്നും ആവശ്യമായ ഇടപെടലും ഉണ്ടായിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം തുക മുൻകൂറായി അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ പണം മുൻകൂറായി നൽകിയപ്പോൾ കെൽട്രോണുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ഒപ്പുവെച്ചതായി കാണുന്നില്ല.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച് പദ്ധതി നിർവ്വഹണം ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്. മെഷീൻ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 39603/-രൂപയുടെ ചെലവ് മെഷീൻ ലഭിക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 1-17 കീഴരിയൂർ പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ നാളിതുവരെ ലഭിച്ചില്ല

പ്രൊജക്ട് നം. : 24/2020

അടങ്കൽ : 1,50,000/- രൂപ (എം. ജി. – നോൺ റോഡ്)

ചെലവു തുക : 1,50,000/- രൂപ (ബിൽ നം. 48/19-20/05.02.2020)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ - പിഎച്ച്.സി.

മേൽ പ്രൊജക്ട് പ്രകാരം കീഴരിയൂർ ഗവ. പബ്ലിക്ക് ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിന് 1,50,000/-രൂപ 05.02.2020 – ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മരുന്നിന്റെ വില മുൻകൂറായി നൽകി ഒരു

വർഷത്തിലധികം കഴിഞ്ഞിട്ടും ഓഡിറ്റ് തിയ്യതിവരെ 22 ഇനം മരുന്നുകളിൽ ഒരു മരുന്നൊഴികെ (Insugen30/70) മറ്റ് മരുന്നുകൾ ഒന്നും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിനായി അടവാക്കിയ തുക | തീയതി | ഇൻവോയ്സ് നം./ തീയതി | മരുന്നിന്റെ വില | ലഭിച്ച മരുന്നിന്റെ വില ,തിയ്യതി | ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 1,50,000/- | 05.02.2020 | PRF- 3900/ 16.01.2020 | 1,50,000/- | 29,548/ -09.11.20210 | 1,20,452/- |

മരുന്നിന്റെ വില അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവരുടെ ഭാഗത്തു നിന്നും ആവശ്യമായ ഇടപെടലുകളൊന്നും ഉണ്ടായിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം തുക മുൻകൂറായി അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ 1,50,000/- രൂപ മുൻകൂറായി നൽകിയപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി കരാർ ഒപ്പുവെച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച് പദ്ധതി നിർവ്വഹണം ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്. 2019-20 – ൽ ഇൻവോയിസ് പ്രകാരം ലഭിക്കേണ്ട മരുന്നുകൾ മുഴുവൻ ലഭ്യമായാൽ അവ സ്റ്റോക്കിലെടുത്ത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 1,20,452/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കീഴരിയൂർ പി.എച്ച്.സി. പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി- മരുന്നും സർജിക്കൽ ഉപകരണങ്ങളും ലഭിച്ചില്ല.

പ്രൊജക്റ്റ് നം. : 19/2020.

അടങ്കൽ : 6,10,000/-രൂപ (525000 (പ്ലാൻ (ജ) - 85,000/- തനത് ഫണ്ട്)

ചെലവു തുക : 40,000/-രൂപ (ബിൽ നം.49/19-20/05.02.2020)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ - പിഎച്ച്.സി.

മേൽ പ്രൊജക്റ്റ് പ്രകാരം കീഴരിയൂർ ഗവ. പബ്ലിക്ക് ഹെൽത്ത് സെന്ററിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് 40,000/- രൂപ 05.02.2020 – ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം മരുന്നിന്റെ, ഉപകരണങ്ങളുടെ വില മുൻകൂറായി നൽകി ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും ഓഡിറ്റ് തിയ്യതി വരെയും മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നുകളുടേയും ഉപകരണങ്ങളുടേയും വില | തീയതി | ഇൻവോയ്സ് നം./ തീയതി |
|---|---|---|
| 40,000/- രൂപ | 05.02.2020 | PRF- 4095/ 24.01.2020 |

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി പ്രകാരം ലഭിക്കേണ്ട മരുന്നിന്റെയും ഉപകരണങ്ങളുടേയും വില അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായി ഇടപെട്ടിട്ടില്ല. ഇൻവോയിസ് പ്രകാരം ലഭിക്കേണ്ട മരുന്നുകളും ഉപകരണങ്ങളും ലഭ്യമായാൽ അവ സ്റ്റോക്കിലെടുത്ത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 കന്നുകുട്ടി പരിപാലനം - ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.**

പ്രോജക്ട് നമ്പർ - എസ് 0047/20

പ്രോജക്ട് - കന്നുകുട്ടി പരിപാലനം

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

അടങ്കൽ - 2,00,000/- രൂപ – വികസന ഫണ്ട് - പൊതുവിഭാഗം

ചെലവ് - 2,00,000/- രൂപ ( ബിൽ നമ്പർ 1/19-20 തീയതി 4.9.2019 )

കീഴരിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ 32 ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള കന്നുകുട്ടികളുടെ വിഹിതമായി 2,00,000/- രൂപ മേൽ പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് ഡയരക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം, കോഴിക്കോടിന് കൈമാറി. ആയതിന്റെ വിനിയോഗ വിവരം ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2019-20 തീയതി 8.3.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. 2,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**1-20 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.**

പ്രൊജക്ട് നം. : 4/2020

അടങ്കൽ : 4,50,000/- രൂപ ( പ്ലാൻ (1,00,000/-, ബ്ലോക്ക് വിഹിതം – 3,50,000/-)

ചെലവു തുക : 4,50,000/- രൂപ (ബിൽ നം. 48/19-20/05.02.2020)

നിർവ്വഹണം : ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രൊജക്ട് പ്രകാരം കീഴരിയൂർ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി അനുവദിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ നടുവത്തൂർ, കീഴരിയൂർ എന്നീ ക്ഷീര സംഘങ്ങളിലെ താഴെ കാണിച്ച ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകാരം നൽകിയിട്ടില്ല എന്നു കാണുന്നു. ചുവടെ ചേർത്ത പ്രകാരം വിവിധ മാസങ്ങളിലായി ഇവർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ/ചെക്ക് നം./ തീയതി | തുക | ഗുണഭോക്താവിന്റെപേര്, വാർഡ് നം. | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | 1/19-20, 14.11.19 | 1,00,000 | വിജയൻ, കൊല്ലക്കണ്ടി, നടുവത്തൂർ (W. 10) | 440.00 |
| 2 | 2/19-20, 20.01.20 | 1,70,000 | കാർത്ത്യായനി, പാറോളി (W. 13) | 39.00 |
| 3 | 5128943, 03.02.20 | 71,578 | ലേഖ, ചാലിൽമീത്തൽ (W. 2) | 952.00 |
| 4 | 5128943, 03.02.20 | 71,578 | ചന്ദ്രിക, കുട്ടമ്പത്ത് മീത്തൽ (W. 2) | 1,700.00 |
| 5 | 5128943, 03.02.20 | 71,578 | ശ്രീജ ശ്രീകുമാർ (W. 4) | 7,384.00 |
| | | | ആകെ | 10,515 |

അനർഹമായി നൽകിയ സബ്സിഡി തുകയായ 10,515/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-21 ന്യൂട്രിമിക്സ് വിതരണം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ : 73/19-20 – അംഗനവാടി പോഷകാഹാരം (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

2019-20 വർഷത്തിൽ അംഗനവാടി പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി പന്തലായനി ബ്ലോക്കിലെ (അഡീഷനൽ) സൂര്യ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ബിൽ /ചെക്ക്നമ്പർ / തീയതി | തുക |
|---|---|---|
| 1 | 1 / 12.07.19 | 56359 |
| 2 | 1 / 12.07.19 | 56359 |
| 3 | 1 / 12.07.19 | 56359 |
| 4 | 3 / 19.09.19 | 69211 |
| 5 | 3 / 1.9.19 | 66489 |
| 6 | 7/ 14.11.19 | 66528 |
| 7 | 7/ 14.11.19 | 66490 |
| 8 | 8 / 14.11.19 | 72823 |
| 9 | 2848302/13.02.20 | 74089 |
| 10 | 2848302/13.02.20 | 74089 |
| 11 | 2848310/03.03.20 | 74089 |
| 12 | 2848311/19.03.20 | 94089 |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. എന്നാൽ അത്തരത്തിലൊരു ലാബ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ( പഴയ ഒരു ലാബ് റിപ്പോർട്ട് മാത്രമാണ് [ 19.6.18-ലെ ] ലഭ്യമാക്കിയിട്ടുള്ളത്. ) മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 ശുചിത്വ മാലിന്യ സംസ്കരണ പദ്ധതി പ്രാവർത്തികമായില്ല.

ഹരിത കേരളം മിഷന് വിഷയ മേഖലകളുടെ അടിസ്ഥാനത്തിൽ ഉള്ള 3 ഉപദൗത്യങ്ങളിൽ ഒന്നായ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതി കീഴരിയൂർ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഹരിത കേരള മാലിന്യ സംസ്കരണ പദ്ധതികളിലായി ഹരിതകർമസേന മുഖേന പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കുന്നതിനും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സ്ഥാപിക്കുന്നതിനും 2017-18 വാർഷിക പദ്ധതി മുതൽ തുടർച്ചയായി പ്രോജക്ട് രൂപീകരിച്ച്

നിർവഹണം നടത്തുന്നതിന് ശ്രമം നടത്തി വരികയാണെങ്കിലും പ്രാദേശികമായ എതിർപ്പ് കാരണവും മറ്റ് സാങ്കേതിക തടസ്സങ്ങൾ കാരണവും പദ്ധതി നിർവഹണം നടത്തുവാൻ സാധിച്ചിട്ടില്ല. 25 – 5 - 2019 ന് ജില്ലാ ശുചിത്വമിഷൻ യോഗത്തിലെ ചർച്ചയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടം ഗ്രാമപഞ്ചായത്തിന് എം.സി.എഫ് സ്ഥാപിക്കുന്നതിന് വിട്ടു നൽകാൻ അധികൃതരോട് ആവശ്യപ്പെടാൻ നിശ്ചയിച്ചു . അപ്രകാരം അവരോട് ആവശ്യപ്പെട്ടെങ്കിലും മൈനർ ഇറിഗേഷൻ ആ തീരുമാനത്തോട് യോജിച്ചില്ല. പിന്നീട് സീറോ വേസ്റ്റ് കോഴിക്കോട് പദ്ധതി പ്രകാരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗ നടപടിക്രമ പ്രകാരം വിവിധ വകുപ്പുകളുടെ കീഴിലുള്ള ഭൂമി മാലിന്യ നിർമാർജ്ജനത്തിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു നൽകുന്നതിന് ഉത്തരവാകുകയുണ്ടായി. ( ഉത്തരവ് നമ്പർ ഡി. എം. കെ .കെ. ഡി / 1991 /2018 തീയതി - 18. 7. 2019 ) അപ്രകാരം കീഴരിയൂർ ഗ്രാമ പഞ്ചായത്തിലെ നമ്പ്രത്ത്കര വില്ലേജിൽപ്പെട്ട 9 സെൻറ് സ്ഥലം കുറ്റ്യാടി ഇറിഗേഷൻ വകുപ്പിൽ നിന്നും താൽക്കാലികമായി എം. സ.എഫ്./ ആർ.ആർ.എഫ് എന്നിവ നിർമ്മിക്കുന്നതിന് താൽക്കാലികമായി വിട്ടുനൽകാൻ ഉത്തരവായിരുന്നു.

തുടർന്ന് സെക്രട്ടറി പ്രസ്തുത കാര്യം ആവശ്യപ്പെട്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിലുള്ള തുടർനടപടികൾക്കായി 11 – 12 – 2019 - ലെ പഞ്ചായത്തിലെ അടിയന്തര യോഗ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 21 – 1 – 2020 ലെ എ – 6 / 1940/2019/81 നമ്പർ കത്തിൽ പ്രസ്തുത ഭൂമി പഞ്ചായത്തിന് വിട്ടു നൽകാൻ കഴിയില്ല എന്ന് അറിയിക്കുകയുണ്ടായി .

ഒടുവിലായി പഞ്ചായത്തിന്റെ 25 - 2 - 2020- ലെ 15/ 2020 നമ്പർ യോഗ തീരുമാനത്തെ തുടർന്ന് പദ്ധതി നിർവ്വഹണത്തിനായി സ്ഥലം ലഭ്യമാക്കുന്നതിന് മേലടി ബ്ലോക്കിന്റെ അധീനതയിലുള്ള പഞ്ചായത്തിലെ നാലാം വാർഡിലെ KP 4/330 നമ്പർ കെട്ടിടം എം.സി.എഫ് ആയി ഉപയോഗിക്കുവാൻ ബ്ലോക്കിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചു. പിന്നീട് ഒരു വർഷത്തിലധികമായി ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ പ്രവർത്തികൾ കാര്യക്ഷമമായി നടത്തുന്നതിനും അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി കയ്യൊഴിയുന്നതിനുള്ള ശാശ്വത പരിഹാരത്തിനായി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗ്രാമസഭ അംഗീകരിക്കാത്ത

ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നം. : 4/2020

അടങ്കൽ : 4,50,000/- രൂപ – ( പ്ലാൻ - (1,00,000/-, ബ്ലോക്ക് വിഹിതം – 3,50,000/- )

ചെലവ് തുക : 4,50,000/-രൂപ (ബിൽ നം. 48/19-20/05.02.2020)

നിർവ്വഹണം : ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രൊജക്ട് പ്രകാരം കീഴരിയൂർ ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി അനുവദിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ നടുവത്തൂർ, കീഴരിയൂർ എന്നീ ക്ഷീരസംഘങ്ങളിലെ താഴെ കാണിച്ച ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകാരം നൽകിയിട്ടില്ല എന്ന് കാണുന്നു. ചുവടെ ചേർത്ത പ്രകാരം വിവിധ മാസങ്ങളിലായി ഇവർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ/ചെക്ക് നം./ തീയതി | തുക | ഗുണഭോക്താവിന്റെപേര്, വാർഡ് നം. | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | 1/19-20, 14.11.19 | 1,00,000 | വിജയൻ, കൊല്ലക്കണ്ടി, നടുവത്തൂർ (W. 10) | 440.00 |
| 2 | 2/19-20, 20.01.20 | 1,70,000 | കാർത്ത്യായനി, പാറോളി (W. 13) | 39.00 |
| 3 | 5128943, 03.02.20 | 71,578 | ലേഖ, ചാലിൽ മീത്തൽ (W. 2) | 952.00 |
| 4 | 5128943, 03.02.20 | 71,578 | ചന്ദ്രിക, കുട്ടമ്പത്ത് മീത്തൽ (W. 2) | 1,700.00 |
| 5 | 5128943, 03.02.20 | 71,578 | ശ്രീജ ശ്രീകുമാർ (W. 4) | 7,384.00 |
| | | | ആകെ | 10,515 |

മേൽ പ്രകാരം അനർഹമായി നൽകിയ സബ്സിഡി തുകയായ 10,515/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 04.03.2021, 05.03.2021 | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 4/20 | 3,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,00,000 | വനിതാ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 5/20 | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 10,000 | ജൈവ പച്ചക്കറി വികസന(ഗ്രൂപ്പ്) 57/19 | 10,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,97,800 | ലൈഫ് പദ്ധതി 52/20 | 9,97,800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000 | അങ്കണവാടി അനുപൂരക പോഷകാഹാരം 73/20 | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,06,400 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(ജനറൽ) 114/20 | 1,06,400 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12,000 | ജൈവ പച്ചക്കറി വികസന(ഗ്രൂപ്പ്) 57/19 | 12,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,06,400 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(ജനറൽ) 114/20 | 1,06,400 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 68/2018/ത.സ്വ ഭ വ തിയതി 18-05-2018 | 12,80,000 | 1,01,05,896 | 764706 | 0 | 1,06,21,190 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(A) | 2003-04 (പൊതുപരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |

| | | | | | |
|---|---|---|---|---|---|
| 1999-00 | | 2003-04 | 11.14 | ഭവനനിർമ്മാണം പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ-തൊഴിൽ ലഭ്യമാക്കൽ-MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതന വിതരണത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല. | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15(അവലോകനം) | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്ക് പെൻഷൻ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,92,42,738 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,98,51,333 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,515 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,00,055 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10,515 | ശ്രീ. ശ്രീജിത്ത് സി. പി, ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,00,000 | ഡോ. ലവീന ടി. ടി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-16 | 39,603 | ഡോ. ലവീന ടി. ടി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-17 | 1,20,452 | ഡോ. വിക്രം വി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-18 | 40,000 | ഡോ. വിക്രം വി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-19 | 2,00,000 | ഡോ. ഷസ്ല മുഹമ്മദലി, വെറ്ററിനറി സർജൻ |
| ആകെ | 5,00,055 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശ്രീജിത്ത് സി. പി, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>വടകര ബ്ലോക്ക് പഞ്ചായത്ത് | ശ്രീലയം, വെസ്റ്റ്ഹിൽ ചുങ്കം, കോഴിക്കോട് |
| ഡോ. വിക്രം വി,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി, മേപ്പയൂർ ഗ്രാമപഞ്ചായത്ത് | ചിരാഗ് (വീട്),<br>കോതമംഗലം (പി. ഒ),<br>കൊയിലാണ്ടി |
| ഡോ. ലവീന ടി. ടി,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ),<br>കീഴരിയൂർ ഗ്രാമപഞ്ചായത്ത് | താഴെ പള്ളിക്കണ്ടി,<br>മാങ്കാവ്,<br>കോഴിക്കോട്-673007 |
| ഡോ. ഷസ്ല മുഹമ്മദലി,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>മൃഗാശുപത്രി, കീഴരിയൂർ ഗ്രാമപഞ്ചായത്ത് | കൊല്ലംകണ്ടിയിൽ,<br>ചെരണ്ടത്തൂർ<br>മണിയൂർ (പി. ഒ),<br>കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി. പി1/2688/2018 തീയതി-29.04.2019 | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/ പി1/1315/2018(2) തീയതി 01.08.2018 | 2 | 27(എ), 38 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി1/1315/2018(3) തീയതി 01.08.2018 | 2 | 12, 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/1315/2018(5) തീയതി 01.08.2018 | 2 | 3-8, 3-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി1/1315/2018(7)തീ. 01.08.2018 | 2 | 3-1, 4-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/1315/2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/1315/2018(9) തീയതി 01.08.2018 | 8 | 2-1, 2-2, 3-3, 3-4, 3-5, 3-6, 3-9, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/1315/2018(10) തീയതി 01.08.2018 | 4 | 3-2, 3-5, 3-10, 3-12 |
| 2010-11,11-12 | കെ.എസ്.എ.കെ.കെ.ഡി.പി2/807/15 തീയതി 19.10.2015 | 13 | 1-5, 1-10, 3-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-15, 4-4, 4-6 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി2/17/2015 തീയതി 06.01.2015 | 7 | 3-1, 3-3, 3-4, 3-5, 3-6, 3-7,3-10, 3-12,3-13,3-14,3-15, 3-16,3-17 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി1/4/2017 തിയതി.23.03.2017 | 6 | 2-1, 3-1, 3-7, 3-10, 3-13, 3-17(7),4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി1/1720/2018 തീയതി 22.09.2018 | 8 | 2-1(1), 2-1(2), 2-2, 3-2, 3- |

| | | | |
|---|---|---|---|
| | | | 4, 3-5, 3-8, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി1/311/2018 തിയതി.21.02.2018 | 19 | 2-1(1), 2-2, 2-3, 2-7, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13,3-16, 3-19, 4-9 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി1/648/2019 തിയതി-27.05.2019 | 16 | 1-10, 1-12, 2-1(1,2,3), 2-3, 2-4, 3-1, 3-2, 3-3(1)(2), 3-5, 3-6, 3-8, 3-10, 3-11, 3-15, 3-16, 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി1/648/2019 തിയതി-27.05.2019 | 5 | 1-5, 1-6,1-7(2,4,5) 1-13, 1-17 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്